## 1106

*രീതി : പദം പദം ഉറച്ചു നാം*

1 കുരിശെടുത്തു പോയിടാം ധീരരായ് മുന്നേറിടാം
ആത്മനാഥനേശു പോയ പാത നോക്കി പോയിടാം

2 സാക്ഷികൾ സമൂഹമീ നമുക്കു ചുറ്റുള്ളതാൽ
ഭീതിവേണ്ട മുന്നിലുള്ളൊരോട്ടമോടി തീർത്തിടാം

3 മുറുകെപ്പറ്റും പാപവും ഭാരവും നീക്കിടണം
നോട്ടമേശുനാഥനിൽ പതിച്ചിടേണമെപ്പോഴും-

4 ചെങ്കടൽ നടുവിലും പാതതീർത്ത നായകൻ
മുന്നിലുണ്ടു വേണ്ട ഖേദമൊട്ടുമേ വിഷാദവും

5 മൃത്യുവിൻ ബലം തകർത്തുയിർത്തു വാഴും നാഥനെ
സ്തുതിച്ചു യാത്ര തീർത്തിടാം ധരിത്രിയിൽ തൻ ഭക്തരായ്-
**M.T.G.**